**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4723** **10-08-2021 - ൽ മറുപടിയ്ക്ക്**

**മാറനല്ലൂർ ക്ഷീരോത്പാദക വ്യവസായ സഹകരണ സംഘം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഐ ബി സതീഷ് | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | മാറനല്ലൂർ ക്ഷീരോത്പാദക വ്യവസായ സഹകരണ സംഘം ഇപ്പോൾ നിലവിലുണ്ടോ; പ്രസ്തുത സഹകരണ സംഘത്തിൽ എത്ര ജീവനക്കാരാണ് ഉണ്ടായിരുന്നതെന്ന് വ്യക്തമാക്കുമോ; നിലവിൽ എത്ര ജീവനക്കാരുണ്ടെന്ന് അറിയിക്കുമോ; | (എ) | ഉണ്ട്. പ്രസ്തുത സംഘത്തിൽ 18 ജീവനക്കാർ ഉണ്ടായിരുന്നു. നിലവിൽ 16 ജീവനക്കാർ ജോലി ചെയ്തുവരുന്നു. |
| (ബി) | പിരിഞ്ഞുപോയ തൊഴിലാളികൾക്ക് നിയമപരമായി നൽകേണ്ട ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ടോ; ജീവനക്കാരിൽ നിന്നും ഇ.പി.എഫ്., ഇ.എസ്.ഐ., ഗ്രാറ്റുവിറ്റി ഇനത്തിൽ പിരിച്ചെടുത്ത തുക മടക്കി നൽകിയിട്ടുണ്ടോ; | (ബി) | ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ നിയമപരമായി നൽകി വരുന്ന ആനുകൂല്യങ്ങൾ ടി സംഘത്തിലെ ജീവനക്കാർക്കും നൽകി വരുന്നു. പ്രാഥമിക ക്ഷീരസഹകരണ സംഘങ്ങൾക്ക് ഇ.പി.എഫ്. ബാധകമല്ല. ഇ.എസ്.ഐ എംപ്ലോയർ വിഹിതവും, ജീവനക്കാരുടെ വിഹിതവും കൃത്യമായി അടച്ച് വരുന്നുണ്ട്. സംഘത്തിലെ ജീവനക്കാർക്ക് നിലവിൽ ഇ.എസ്.ഐ. ആനുകൂല്യങ്ങൾ ലഭിച്ചു വരുന്നുണ്ട്. ഗ്രാറ്റുവിറ്റി ഇനത്തിൽ ജീവനക്കാർക്ക് തുക നൽകിയിട്ടില്ല. |
| (സി) | ഈ സംഘം ഏതെങ്കിലും ധനകാര്യ സ്ഥാപനത്തിൽ നിന്നും വായ്പ എടുത്തിട്ടുണ്ടോ; സംഘത്തിൽ നിയമാനുസൃതമായ ഓഡിറ്റിംഗ് നടത്തിയിട്ടുണ്ടോ; എങ്കിൽ ഏത് വർഷം വരെ ഓഡിറ്റിംഗ് നടത്തിയെന്ന് അറിയിക്കുമോ; | (സി) | തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്ക് (കേരള ബാങ്ക്), കണ്ടല സഹകരണ ബാങ്ക് എന്നിവിടങ്ങളിൽ നിന്നും പ്രസ്തുത സംഘം വായ്പ എടുത്തിട്ടുണ്ട്. കേരള സർക്കാർ സഹകരണ ഓഡിറ്റ് വിഭാഗമാണ് സംഘത്തിലെ ഓഡിറ്റ് നടത്തിവരുന്നത്. സഹകരണ ഓഡിറ്റ് വിഭാഗത്തിൽ നിന്നും കൺകറന്റ് ഓഡിറ്ററുടെ സേവനം സംഘത്തിൽ നിലവിലുണ്ട്. 2012-13-ലെ ആഡിറ്റ് നടന്നുവരുന്നു. |
| (ഡി) | ക്ഷീരോത്പാദക സംഘത്തിന്റെ പേരിൽ ഇപ്പോൾ പാൽ വിതരണവും സംസ്കരണവും നടക്കുന്നുണ്ടോ; സംഘത്തിന്റെ പേരിലുണ്ടായിരുന്ന കാലിത്തീറ്റ ഫാക്ടറിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കുമോ? | (ഡി) | പ്രസ്തുത ക്ഷീരോല്പാദക സഹകരണ സംഘത്തിന്റെ പേരിൽ ഇപ്പോൾ പാൽ വിപണനവും സംസ്കരണവും നടക്കുന്നില്ല. പ്രസ്തുത സംഘത്തിന്റെ പേരിൽ കാലിത്തീറ്റ ഫാക്ടറി നിലവിൽ പ്രവർത്തിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ